HON'BLE MR. T. M. VARGHESE : അതിന്റെ ആവശ്യം ഇല്ല. നഷ്ടം എത്ര ഉണ്ടായി എന്നും എങ്ങനെയുണ്ടായി എന്നും അന്വേഷിക്കാനാണ് ആവശ്യപ്പെട്ടിരുന്നത്. അതുകൊണ്ട് നഷ്ടമുണ്ടായിട്ടുണ്ടോ ഇല്ലയോ എന്ന ഫൈൻഡിംഗ്സിന്റെ ആവശ്യംതന്നെ ഇല്ല.

MR. K. P. NILAKANTA PILLAI : എത്ര യുക നഷ്ടം വന്നു എന്ന് റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടോ?

MR. PRESIDENT : അതു ആവശ്യമില്ല.

MR. A. P. UDAYABHANU : ഇപ്രകാരം ഒരു റിപ്പോർട്ട് ആവശ്യപ്പെടാനുള്ള കാരണമെന്താണ്?

HON'BLE MR. T. M. VARGHESE : നഷ്ടം ഉണ്ടായതുകൊണ്ട്.

MR. P. K. KUNJU (*Karunagappally II—Muslim*) : നഷ്ടമുണ്ടായതുകൊണ്ട് മി: രാമമൂർത്തിയുടെ പേരിൽ അന്വേഷണം നടത്താനുണ്ടായ കാരണമെന്താണ്?

HON'BLE MR. T. M. VARGHESE : മി: രാമമൂർത്തി ആ ഡിപ്പാർട്ടുമെന്റിന്റെ അദ്ധ്യക്ഷനായതുകൊണ്ട്.

Quilon-Alleppey Line.

16. MR. T. K. NARAYANA PILLAI: Will the Honourable Minister for Transport be pleased to state :

(*a*) whether the State Transport Department has applied for permission to run buses on the Quilon-Alleppey line;

(*b*) whether such permission has been given ; and

(*c*) if such permission has not been granted, the reasons for such refusal ?

HON'BLE MR. T. M. VARGHESE : (എ) അപേക്ഷിച്ചിട്ടുണ്ട്.

(ബി) ചോദിച്ചിട്ടുള്ള അനുവാദം ഇതുവരെ കൊടുത്തിട്ടില്ല.

(സി) അനുവാദം കൊടുക്കാതിരിക്കാനുള്ള കാരണം പെട്രോളിന്റെ ദൗർലഭ്യമാണ്.

MR. T. K. NARAYANA PILLAI : കൊല്ലം—ആലപ്പുഴ റൂട്ടിൽ സ്റ്റേറ്റ് ട്രാൻസ്പോർട്ട് ബസ്സുകൾ ഓടിക്കുവാൻ അനുവദിച്ചസമയം പെട്രോളിന്റെ ലഭ്യതക്കുറവ് ഉണ്ടായിരുന്നില്ലേ?

HON'BLE MR. T. M. VARGHESE : അപ്പോഴും പെട്രോൾക്ഷാമം ഉണ്ടായിരുന്നു എങ്കിലും ജനങ്ങളുടെ സൗകര്യത്തെ ഉദ്ദേശിച്ച് എക്സ്പ്രസ്സ് ബസ്സുകൾ ഓടിച്ചു. അതിനശേഷം പെട്രോളിന്റെ നില വളരെ മോശ

LIBRARY ARCHIVES Kerala Legislative Assembly

[Hon'ble Mr. T. M. Varghese]

തരമായിത്തീർന്നു. പെട്രോൾ ദൗർലഭ്യം തീർന്ന കഴിഞ്ഞാൽ ആ ലൈനിൽക്കൂടി ട്രാൻസ്പോർട്ടസർവീസ് നടത്താൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ട്.

MR. P. S. MUHAMMED (*Muvattupuzha II—Muslim Reserved*): ഏതൊക്കെ ലിലാണ് കൊല്ലം—ആലപ്പുഴ ലൈനിൽ എക്സ്പ്രസ്സ് സർവീസ് നടപ്പിലാക്കിയതു.

HON'BLE MR. T. M. VARGHESE : മന്ത്രിസഭ രൂപീകരിക്കുന്നതിനു മുമ്പാണെന്നാണ് അറിവു്. അതിനുശേഷം ഉണ്ടായ പെട്രോൾക്ഷാമം നിമിത്തം മറ്റു ലൈനുകളിൽക്കൂടി ട്രാൻസ്പോർട്ട് സർവീസ് ഏർപ്പെടുത്തണമെന്നുള്ള ഗവണ്മെൻറിൻെറ ആഗ്രഹം ഫലപ്രാപ്തിയിൽ വരുത്താൻ കഴിഞ്ഞില്ല.

MR. K. A. GANGADHARA MENON : ആ ലൈനിൽ ഓടുന്ന പ്രൈവറ്റു ബസ്സുകാർക്കു് പെട്രോൾ അനുവദിക്കുന്നുണ്ടോ ?

HON'BLE MR. T. M. VARGHESE : ഉണ്ടു്. വളരെ കുറച്ചു പെട്രോൾ മാത്രമേ അനുവദിച്ചിട്ടുള്ളൂ. അതുകൊണ്ടു് ഗവർമെൻറു ട്രാൻസ്പോർട്ടസർവീസ് നടത്തുന്നപക്ഷം അത്യാവശ്യത്തിനു ഒട്ടും മതിയാകുകയില്ല. അപ്രകാരം തീരെ അപര്യാപ്തമായ സർവീസ് ഏർപ്പെടുത്താൻ ഗവണ്മെൻറു മുനിയുന്നതു് ആക്ഷേപകരമായിരിക്കും. അതിനാൽ ഗവണ്മെൻറു് അതിലേയ്ക്കു മുനിഞ്ഞില്ല.

MR. K. A. MUHAMMED (*Quilon IV—Muslim Reserved*) : ഗ്യാസ്പ്ലാൻറുവച്ചു ബസ്സുകാർ ആ ലൈനിൽ ഓടിക്കുവാൻ അനുവദിക്കരുതോ ?

HON'BLE MR. T. M. VARGHESE : ഗ്യാസ് പ്ലാൻറുകാർവച്ചു ബസ്സുകാർകൊണ്ടു് സർവീസു നടത്തുവാൻ കഴിയുന്ന ഒരു ലൈൻ ആണു് കൊല്ലം ആലപ്പുഴ ലൈൻ. ഈയാണ്ടു് ജൂലൈമാസം അവസാനത്തോടുകൂടി മുപ്പതിൽപരം ബസ്സുകാർ ഗ്യാസുപ്ലാൻറുകാർ ഫിറ്റു് ചെയ്യും. അപ്പോൾ ആ ലൈനിൽ ബസ്സുസർവീസുകാർ നടത്താനുള്ള സൗകര്യതയുണ്ടോ എന്നു നോക്കുന്നതാണു്.

Bus owners' conference.

17. MR. T. K. NARAYANA PILLAI : Will the Honourable Minister for Transport be pleased to state :

(*a*) whether a conference of private bus owners and Government representatives was held, and

(*b*) if so, whether any conclusions or decisions were arrived at in the conference ?

LIBRARY ARCHIVES Kerala Legislative Assembly